<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2764</u> <u>13-12-2022 - ൽ മറുപടിയ്ക്ക്</u>

<u>നിർമ്മാണ സാമഗ്രികൾക്കുണ്ടായ വിലക്കയറ്റം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സിമന്റ്, കമ്പി, മണൽ തുടങ്ങിയ നിർമ്മാണ സാമഗ്രികൾക്കുണ്ടായ വിലക്കയറ്റം നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇവയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും വില ഏകീകരിക്കുന്നതിനുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | കോവിഡ് മൂലവും ആഗോള മാന്ദ്യം മൂലവുമുണ്ടായ സാമ്പത്തിക പ്രതിസന്ധി നിർമ്മാണ മേഖല ഇപ്പോഴും അഭിമുഖികരിക്കുന്നുണ്ട്. കൂടാതെ കൽക്കരി, പെറ്റ്-കോക്ക്, ഡീസൽ, ഇരുമ്പ് അയിര് തുടങ്ങിയവയുടെ ആഗോള വിലവർദ്ധനവിന് അനുസൃതമായി ഇലക്ട്രിക്കൽ, പ്ലംബിങ്, സ്റ്റീൽ, പെയിന്റ്, ഫ്ലോറിങ് ഉത്പന്നങ്ങളുടെ വിലയിലും ട്രാൻസ്പോർട്ടേഷൻ ചെലവിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ സാമ്പത്തിക പ്രതിസന്ധിയും മാന്ദ്യവും കാരണവും, പൂർത്തീകരിച്ച പ്രോജക്ടുകൾ വിറ്റു പോകാത്തതും കോമേഴ്സ്യൽ സ്പെയിസിന് ആവശ്യക്കാർ കുറഞ്ഞതും നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധിക്ക് ആക്കം കൂട്ടിയിട്ടുണ്ട്. കെട്ടിട നിർമ്മാണ വസ്തുക്കളിൽ സിമന്റ് ഉപയോഗം വഴി ഉണ്ടാകുന്ന ചെലവ് ആകെ ചെലവിന്റെ ഏകദേശം 5% വരെ മാത്രമാണ്. കേരളത്തിൽ വിൽക്കുന്ന സിമന്റ് ബ്രാൻഡുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ വിപണന പങ്കാളിത്തം 5 ശതമാനത്തോളമാണ്.<br><br>പൊതുമേഖലയിലെ ഗ്രേ സിമന്റ് ഉത്പാദകരായ മലബാർ സിമന്റ്സിലും വൈറ്റ് സിമന്റ് ഉത്പാദകരായ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡും ഉത്പാദനം വർദ്ധിപ്പിച്ച് മിതമായ വിലയ്ക്ക് സിമന്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര നയങ്ങളുടെ അനന്തരഫലമായി ഉണ്ടാവുന്ന വില വർദ്ധനവുകളിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടലുകൾ നടത്തുന്നതിന് പരിമിതികളുണ്ട്. |

| | | | |
|---|---|---|---|
| | | | ഭവന നിർമാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ *കലവറ* എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടി വരെ വിസ്തീർണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15% വിലകുറച്ച് നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 '*കലവറ*'കൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ തുടക്കമിട്ടിരിക്കുന്ന പുതിയ വ്യവസായ നയം നിർമ്മാണ മേഖല ഉൾപ്പെടെയുള്ള എല്ലാ മേഖലകൾക്കും ഉത്തേജനം നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതാണ്. |
| (സി) | നിർമ്മാണ മേഖല നേരിടുന്ന പ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | കോവിഡ് മൂലവും ആഗോള മാന്ദ്യം മൂലവുമുണ്ടായ സാമ്പത്തിക പ്രതിസന്ധി നിർമ്മാണ മേഖല ഇപ്പോഴും അഭിമുഖികരിക്കുന്നുണ്ട്. കൂടാതെ കൽക്കരി, പെറ്റ്-കോക്ക്, ഡീസൽ, ഇരുമ്പ് അയിര് തുടങ്ങിയവയുടെ ആഗോള വിലവർദ്ധനവിന് അനുസൃതമായി ഇലക്ട്രിക്കൽ, പ്ലംബിങ്, സ്റ്റീൽ, പെയിന്റ്, ഫ്ലോറിങ് ഉത്പന്നങ്ങളുടെ വിലയിലും ട്രാൻസ്പോർട്ടേഷൻ ചെലവിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ സാമ്പത്തിക പ്രതിസന്ധിയും മാന്ദ്യവും കാരണവും, പൂർത്തീകരിച്ച പ്രോജക്ടുകൾ വിറ്റു പോകാത്തതും കോമേഴ്സ്യൽ സ്പെയിസിന് ആവശ്യക്കാർ കുറഞ്ഞതും നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധിക്ക് ആക്കം കൂട്ടിയിട്ടുണ്ട്. കെട്ടിട നിർമ്മാണ വസ്തുക്കളിൽ സിമന്റ് ഉപയോഗം വഴി ഉണ്ടാകുന്ന ചെലവ് ആകെ ചെലവിന്റെ ഏകദേശം 5% വരെ മാത്രമാണ്. കേരളത്തിൽ വിൽക്കുന്ന സിമന്റ് ബ്രാൻഡുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ വിപണന പങ്കാളിത്തം 5 ശതമാനത്തോളമാണ്.<br><br>പൊതുമേഖലയിലെ ഗ്രേ സിമന്റ് ഉത്പാദകരായ മലബാർ സിമന്റ്സിലും വൈറ്റ് സിമന്റ് ഉത്പാദകരായ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡും ഉത്പാദനം വർദ്ധിപ്പിച്ച് മിതമായ വിലയ്ക്ക് സിമന്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര നയങ്ങളുടെ അനന്തരഫലമായി ഉണ്ടാവുന്ന വില വർദ്ധനവുകളിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടലുകൾ നടത്തുന്നതിന് പരിമിതികളുണ്ട്.<br><br>ഭവന നിർമാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ |

| | | | |
|---|---|---|---|
| | | | ന്യായവില വിപണന കേന്ദ്രമായ *കലവറ* എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടി വരെ വിസ്തീർണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15% വിലകുറച്ച് നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 '*കലവറ*'കൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ തുടക്കമിട്ടിരിക്കുന്ന പുതിയ വ്യവസായ നയം നിർമ്മാണ മേഖല ഉൾപ്പെടെയുള്ള എല്ലാ മേഖലകൾക്കും ഉത്തേജനം നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ